# പ്രണയതീരങ്ങളിൽ ഒരു തീർത്ഥാടകൻ

വാസുദേവ് പുളിക്കൽ

ആരാണീ തീർത്ഥാടകൻ? നിരൂപണം, കവിത, നോവൽ, ചെറുകഥ, ഹാസ്യം, ലേഖനങ്ങൾ മുതലായ സാഹിത്യത്തിൻെറ വിവിധ ശാഖകളിലേക്ക് തൻേറതായ സംഭാവനകൾ നൽകി പ്രശസ്തിയാർജ്ജിച്ച സുധീർ പണിക്കവീട്ടിലാണ് ഈ തീർത്ഥാടകൻ. 'അക്ഷരക്കൊയ്ത്ത്' എന്ന കവിതാസമാഹാരത്തിലെ എഴുപത്തിയഞ്ച് കവിതകളിലൂടെ പ്രണയത്തിൻെറ മധുരിമ നുകർന്നുകൊണ്ട് കവി തീർത്ഥയാത്ര നടത്തുകയാണ്. ഈ തീർത്ഥയാത്രയിൽ കവി വൈവിധ്യമാർന്ന ജീവിതത്തിൻെറ നേർക്കാഴ്ചകൾ കാണുന്നു. ഏതാനം കവിതകളെഴുതി കാവ്യരംഗത്തു നിന്ന് പിൻവലിഞ്ഞ കവിയോട്, മനസ്സിൽ കളങ്കമില്ലാത്ത സുഹൃത്തുക്കളുടെ, കാവ്യം ചമക്കാനുള്ള വരദാനം എന്ത്യേ ഉപേക്ഷിച്ച് കളഞ്ഞത് എന്ന ചോദ്യം കവിക്ക് വീണ്ടും കാവ്യലോകത്തേക്ക് കടന്നു വരാനുള്ള പ്രചോദനമായി. 'മാമ്പു മണമുള്ള കാറ്റിന്നീണത്തിലും തെങ്ങോല ചായുന്ന കായൽ വിരിപ്പിലും പുഞ്ചിരിക്കുന്നൊരു പെണ്ണിൻെറ കണ്ണിലും വസന്തോത്സവത്തിലും മാർഗ്ഗഴി തിങ്കളൊഴുക്കുന്ന ദുഗ്ദം നുണയുന്ന രാവിൻെറ ഉൾപ്പുളകത്തിലും ഗ്രാമത്തുളസികൾ കീർത്തനം പാടിയുണർത്തുന്ന പുലരിയുടെ കുങ്കുമചുമപ്പിലും ആതിരലാവിൻ കുളിർമ പുണർന്ന കൗമാരത്തുടിപ്പിൻെറ തരിപ്പിലും മാമരക്കൊമ്പത്തിരുന്ന് വിരുന്നു വിളിക്കുന്ന കാക്കയിലും കുറുകുന്ന പ്രാക്കളിലും മുത്തശ്ശിയുടെ സ്നേഹവത്സല്യത്തിലും അച്ഛൻെറ ശബ്ദത്തിലും' അങ്ങനെ നാലു ചുറ്റും കവി കവിതയുടെ നാമ്പു കാണാൻ തുടങ്ങി. കവിയുടെ സർഗ്ഗപ്രതിഭയുടെ പരിപൂർണ്ണത വെളിപ്പെടുത്തന്ന കവിതകൾ കവി കാവ്യലോകത്തിന് സമ്മാനിച്ചു. കവി അക്ഷരങ്ങൾ കവിതകളിലൂടെ കൊയ്തിട്ട കറ്റ മെതിച്ച് നെന്മണികൾ ശേഖരിച്ച് സഹൃദയർ സംതൃപ്തരായി. ഉള്ളിൽ കള്ളമില്ലാത്ത. കളിത്തോഴരെ പോലെയുള്ളവരുടെ പ്രചോദനമില്ലായിരുന്നെങ്കിൽ ഒരു പക്ഷെ, നിഷ്ക്രിയനായിപ്പോയ കവിയിൽ നിന്ന് ഈ അക്ഷരക്കൊയ്ത്ത് സാഹിത്യ ലോകത്തിന് ലഭിക്കുമായിരുന്നില്ല എന്ന് കരുതാം.

'മറ്റുള്ളവരുടെ നന്മ മാത്രം ആഗ്രഹിച്ചുകൊണ്ട് ആരുമറിയാതെ ഒരജ്ഞാതകോണിൽ ഒതുങ്ങിയിരിക്കാൻ' ആഗ്രഹിച്ചിരുന്ന കവിക്ക് ഒരു സാഹിത്യചർച്ചാ വേദിയിലേക്കുള്ള ക്ഷണം സ്വീകരിച്ച് അവിടെ എത്തിയപ്പോൾ ഉണ്ടായ അനുഭവം വദനാജനകമായിരുന്നു. 'ഹെ കവെ' എന്നൊരു അഭ്യുദയകാംക്ഷി സ്നേഹത്തോടെ സംബോധന ചെയ്യുന്നതു കേട്ട് തൻെറ കവിത്വം അംഗീകരിക്കപ്പെട്ടല്ലോ എന്ന് അഭിമാനിച്ച കവി, കാളകൂടം ഛർദ്ദിച്ച് വാസുകി പാലാഴി മഥനം തടസ്സപ്പെടുത്തിയതു പോലെ 'ഒന്നുമറിയാത്ത നാറിക്ക് നിങ്ങളീ കവിയെന്ന പട്ടം കൊടുത്തതെങ്ങനെ? എന്ന് 'നാരീസ്വരത്തിൽ ഒരു കിങ്ങിണിക്കുട്ടൻ' ചോദിച്ചതും പാർശ്വവർത്തികൾ അതിന് ഓശാന പാടിയതും കേട്ട് കവി നിരാശനായി. ഇത്തരം തിക്താനുഭവങ്ങൾ 'കവിയുടെ ഘാതകൻ' എന്ന കവിതയിൽ കവി തന്നെ വെളിപ്പെടുത്തുമ്പോൾ സാഹിത്യത്തിൽ അസ്സൂയയും കുശുമ്പും പാടില്ല എന്ന സത്യസന്ധമായ വിചാരം വ്യർത്ഥമായിപ്പോകുന്നതായി വ്യക്തമാകുന്നു. ഓച്ഛാനിച്ചു നിൽക്കുന്നവരെപറ്റി കവി 'ദുരവസ്ഥ' എന്ന കവിതയിൽ പാടുന്നതിങ്ങനെ: 'മുഖസ്തുതി പാടുന്നോർ, വാക്കൈ പൊത്തീടുന്നോർ, സ്വന്തം അഭിപ്രായമില്ലാത്തോർ, അന്യൻെറ കാൽക്കീഴിൽ പട്ടിയായ് കഴിയുന്നോർ എണ്ണമറ്റോരയ്യോ സ്വന്തം മനസ്സാക്ഷി പണയപ്പെടുത്തുന്ന പാവത്തന്മാർ'. സ്വന്തം വ്യക്തിത്വത്തിന് യാതൊരു വിലയും കൽപ്പിക്കാതെ മറ്റുള്ളവരുടെ ആജ്ഞാനുവർത്തികളാകാൻ വൃതമെടുത്തിട്ടുള്ളവരോട് സഹതപിക്കാനേ നിവൃത്തിയുള്ളു. ചിന്താശക്തിയില്ലാത്ത മനുഷ്യരൊടൊപ്പം സമയം ചിലവഴിക്കുന്നത് അനുചിതവും വ്യർത്ഥവുമാണെന്ന് മനസ്സിലാക്കിയ കവി സദസ്സു വിട്ടു പോയി. കവി വിശേഷിപ്പിക്കുന്ന കിങ്ങിണിക്കുട്ടൻ കവിയുടെ അക്ഷരക്കൊയ്ത്ത് എന്ന കവിതാസമാഹാരം നിഷ്പക്ഷമായ മനസ്സോടെ വായിച്ചാൽ താൻ പറഞ്ഞ അബദ്ധമോർത്ത് പശ്ചാത്തപിക്കുകയും അത് തിരിച്ചെടുക്കാനാഗ്രഹിക്കുകയും ചെയ്യുമെന്നാണെൻെറ വിശ്വാസം.

'ഒരു നെഞ്ചുവേദനയുടെ കഥ' എന്ന കവിതയുമായാണ് കവിതാസമാഹാരം തുടങ്ങുന്നത്. രോഗം എല്ലാവർക്കും അങ്കലാപ്പുണ്ടാക്കുന്നതാണ്. കാരണം, രോഗം പ്രത്യേകിച്ച് മാരകരോഗം നമ്മുടെ ജീവിതക്രമത്തെ തന്നെ മാറ്റിമറിക്കുന്നു. നെഞ്ചുവേദന നിസ്സാരമല്ലെന്നല്ലാവർക്കുമറിയാം. നിമിഷം കൊണ്ട് മരണത്തിലെത്തിക്കുന്ന ഹാർട്ടറ്റാക്കിൻെറ പ്രഥമ ലക്ഷണം കണ്ട് കവി സ്വാഭാവികമായ ഭയത്തോടെ ആശുപത്രിയിൽ പ്രവേശിച്ചു. വേദനക്ക് മരുന്നു നൽകുന്നതിന് മുമ്പ് ആശുപത്രിക്കാർ ട്യൂബുകളിൽ രക്തം ഊറ്റിയെടുത്ത് ടെസ്റ്റുകൾ ചെയ്യുന്നത് കണ്ട് കവി അസ്വസ്ഥനായി. പണമുണ്ടാക്കാൻ ആവശ്യമുള്ളതും ഇല്ലാത്തതുമായ ടെസ്റ്റുകൾ

ചെയ്യുക എന്നത് ആശുപത്രിക്കാരുടെ പ്രവർത്തനശൈലിയാണ്. ഡോക്ടർ മുതൽ മെഡിക്കൽ സ്റ്റോറുവരെ നീണ്ടു കിടക്കുന്ന ഒരു ശൃംഖലയിലാണ് നിസ്സഹായരായ രോഗികൾ അകപ്പെട്ടു പോകുന്നത്. ഇൻഡ്യ പോലുള്ള രാജ്യങ്ങളിൽ ഹെൽത്ത് ഇൻഷുറൻസ് അത്രക്കൊന്നും പ്രാബല്യത്തിൽ ഇല്ലാത്തതിനാൽ പാവപ്പെട്ട രോഗികൾക്ക് മരണത്തെ പുൽകേണ്ടി വരുന്നു. തനിക്ക് രോഗമൊന്നുമില്ലെന്നറിഞ്ഞ കവി പിറക്കാനിരിക്കുന്ന കുഞ്ഞിനെ പറ്റി ചിന്തിച്ച് ആഹ്ലാദചിത്തനായി. 'പാലൊളി തൂകും ചിരിയുമായി കുഞ്ഞിളം ചുണ്ടിലൊലിച്ചിറങ്ങും ശർക്കരനീരു മുഖത്തു തേച്ച് കുഞ്ഞിക്കിടാവതാ കൊഞ്ചിനിൽപ്പൂ' എന്ന സ്വപ്നത്തിൽ സന്തോഷ പരിപ്ലുതനായി ആത്മബന്ധത്തിൻെറ മഹിമ പാടി പുകഴ്ത്തുകയാണ് കവി. 'അളക്കാൻ അളവുകോലൊന്നുമില്ല രക്തബന്ധത്തിന്നദൃശ്യ ശക്തി' എന്ന് കവി ഉറപ്പിക്കുന്നു. ദൈവകൃപയാൽ രക്ഷപെട്ടു എന്ന് കവി സമാശ്വസിക്കുമ്പോൾ സർവ്വം ഈശ്വരനിൽ സമർപ്പിക്കുന്ന ഒരു വിശ്വാസിയുടെ ചിത്രമാണ് മനസ്സിൽ തെളിയുന്നത്. ഒരു ചുറ്റുവട്ടത്തിൽ കിടന്ന് അഹങ്കരിക്കുന്ന മനുഷ്യർ ദൈവനിശ്ചയമനുസരിച്ച് വിധിക്ക് വിധേയരായാണ് മുന്നോട്ടു പോകുന്നതെന്ന് മനസ്സിലാക്കുന്നില്ല. നല്ലതു വരുമ്പോൾ വിധിയെ സ്തുതിക്കുന്ന മനുഷ്യർ ജീവിതസംഘർത്തിൽ ദുർഘടാവസ്ഥയിൽ പതിക്കുമ്പോൾ 'വിധിയെ പഴിച്ചുകൊണ്ടാശ്വസിക്കാനുമീ ജീവിതം എന്ന് കവി 'കൊതിയോടെ കാത്തിരുപ്പൂ' എന്ന കവിതയിൽ പറയുന്നതുപോലെ സമാധാനിക്കുന്നു. അഗ്നിശുദ്ധി വരുത്തി അയോദ്ധ്യയിൽ തിരിച്ചെത്തിയ സീത ഉപേക്ഷിക്കപ്പെട്ടത് വിധി. മനുഷ്യർക്ക് വിധിക്ക് വിധേയരായി ജീവിക്കാനേ നിവൃത്തിയുള്ളു എന്ന പാഠം നമ്മൾ പലേടത്തു  നിന്നും പഠിക്കുന്നു.

സ്വപ്നലോകത്തിൽ വിഹരിക്കാത്ത മനുഷ്യരില്ല. നല്ല സ്വപ്നങ്ങളാണ് കാണുന്നതെങ്കിൽ അതിലൊരു സുഖമുണ്ട്. സ്വപ്നങ്ങൾ സ്വർഗ്ഗകുമാരികളാണെന്ന് പാടിയ കവിയുണ്ടല്ലോ. സുന്ദരികളായ സ്വർഗ്ഗകുമാരികളുമായി തൊട്ടുരുമ്മിയിരിക്കാൻ ആരാണാഗ്രഹിക്കാത്തത്. ഭാവനയിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന കവിതക്ക് ജീവിതയാഥാർത്ഥ്യങ്ങൾ കണ്ടെത്താൻ സാധിക്കും. ഈ ലോകത്തിൽ ഒരിക്കലും ഉണ്ടാകാത്തതും  ഇനി ഉണ്ടാകാൻ സാധ്യതയില്ലാത്തതും കവികളുടെ ഭാവനയിൽ തെളിഞ്ഞുവെന്നു വരാം. അതിലുമുണ്ട് ഒരു ക്രിയാത്മകത. സർഗ്ഗപ്രതിഭ പോലെ മനസ്സിൻെറ ക്രിയാത്മകതയും ദൈവദത്തമാണ്. ഭാവനയുടെ വിഹായസ്സിൽ ഉദിച്ചുയർന്ന് നിൽക്കുന്ന ഒരനുഭവസാക്ഷാത്കാരം കവികൾ അനുഭവിക്കുന്നുണ്ട്. കാരണം, കവികൾ വിഹരിക്കുന്ന ലോകം സാധാരണക്കാരുടേതിൽ നിന്ന് വ്യത്യസ്ഥമാണ്. അതേപോലെ അവരുടെ സ്വപ്നങ്ങളും. ഇവിടെ കവിയും 'അഭിലാഷങ്ങൾ' എന്ന കവിതയിൽ ഭാവനയുടെ ചിറകുകളിലേറി സ്വപ്ന ലോകത്തിലൂടെ യഥേഷ്ടം വിഹരിക്കുകയാണ്. അനുരാഗലോലനായി കവി സ്വപ്നങ്ങൾ നെയ്തു കൂട്ടുന്നതു നോക്കൂ. 'നിൻ മിഴിയിതളിലെ മദജലകണങ്ങളിൽ എന്നഭിലാഷങ്ങൾ അലിയുമെങ്കിൽ അപ്സരസ്സേ നിൻെറ താരുണ്യത്തനുവിന്മേൽ അനുരാഗ കവിത ഞാൻ കുറിക്കുമല്ലോ'. 'നിൻ മനോവീണയിലെ രാഗസിരകളിലെ സ്വപ്നസ്വരങ്ങളായ് ഞാനുണരുമെങ്കിൽ ഏകാഗ്രനായി ഞാൻ നിൻ കവിളിണ തഴുകിയൊരായിരം ചുംബനങ്ങൾ പകരുമല്ലോ' എന്നിങ്ങനെ സ്വപ്നങ്ങളുടെ ഒരു നിര തന്നെ കവി സൃഷ്ടിക്കുന്നു. തൻെറ അനുരാഗം പൂവണിയിക്കാനുള്ള ശ്രമം കവി ഉപേക്ഷിക്കുന്നില്ല. 'പ്രിയമുള്ളവൾ' എന്ന കവിതയിൽ 'ദിവ്യപ്രേമത്തിൻ താമരത്തണ്ടും കൊത്തി നീ പറന്നെത്തിടുകെൻ രാജഹംസമേ വേഗം' എന്ന മോഹന പ്രതീക്ഷകളുമായി മാനസസരസ്സിൻെറ കരയിൽ കവി കാത്തു നിൽക്കുകയാണ്.  പ്രേമപരവശനായി 'വരുവിൻ പ്രേമിക്കുവിൻ പങ്കു വയ്ക്കുവിൻ നിങ്ങൾ ജീവിത മധുവിൻെറ തെറിക്കും കണങ്ങളെ' എന്ന് 'സ്നേഹസുദിനത്തിൽ' എന്ന കവിതയിൽ കുറിച്ചിടുന്ന കവി ഒരു സ്നേഹഗായകനായി മാറുന്നു. സ്വപ്നങ്ങൾ നെയ്തു കൂട്ടിയ കവി 'പേമവ്യഥ' എന്ന കവിതയിൽ തൻെറ പൂർവ്വകാലാനുഭവങ്ങൾ സ്വപ്നത്തിലെങ്കിലും കാണിച്ചു തന്നിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നതിൽ ശോകത്തിൻെറയാവരണം കാണാം. 'ഒരു നല്ല സ്വപ്നവുമായ് ഇന്നലേകൾ ഉറക്കത്തിലെങ്കിലും വന്നെങ്കിൽ ആ നിമിഷത്തിന്നനുഭൂതിയിൽ ഉണരാതെ, നെടുനിദ്ര കൊതിക്കും ഞാൻ' എന്ന് പാടുന്ന കവി ഭൂതകാലത്തിലെ സുഖമുള്ള അനുഭവങ്ങൾ വർത്തമാനത്തിൽ ഉണ്ടാകുന്നില്ലല്ലോ എന്ന് തെല്ല് നിരാശയോടെ വ്യസനിക്കുന്നതായി തോന്നി. സുഖദുഃഖങ്ങളുടെ സമ്മിശ്രമാണല്ലോ ജീവിതം. വേലിയേറ്റവും വേലിയിറക്കവും കഴിഞ്ഞ് കടൽ ശാന്തമാകുന്നതു പോലെ ജീവിതത്തിൻെറ തേരോട്ടത്തിലെ ദുർഘടങ്ങൾ മാറി ജീവിതം  ശാന്തമായി സുഖ സമൃദ്ധമാകുന്ന അവസ്ഥക്കു വേണ്ടി കവി കാത്തിരിക്കുകയാണ്. ആഗ്രഹങ്ങൾ പുഷ്പിക്കുന്നതും കൊഴിഞ്ഞു വീഴുന്നതും ജീവിതയാഥാർത്ഥ്യവുമായി ചേർത്തു വച്ച് ഈ കവിതയിൽ ഹൃദയസ്പൃക്കായി ചിത്രീകരിച്ചിരിക്കുന്നു.

സ്ത്രീത്വത്തിൻേറയും പാതിവൃത്യത്തിൻേറയും മഹത്വം പാടി പുകഴ്ത്തുകയാണ് കവി 'കൊതിയോടെ കാത്തിരിപ്പൂ' എന്ന കവിതയിൽ. ഭാര്യ ഭർത്താവിനെ ദേവനായി കരുതി ഹൃദയത്തിൽ പൂജിക്കുമ്പോൾ അത് മനസ്സിലാക്കാതെ അവളുടെ മേനിയഴകിലും മാംസളമായ ശരീര വടിവിലും അയാൾ കണ്ണൂ പതിപ്പിക്കുന്നു. അയാൾക്ക് ഭാര്യ ഒരു ഭോഗവസ്തു മാത്രം. മറ്റൊരു പുരുഷൻെറ അനുരാഗത്തലപ്പുകൾ അവളുടെ ഹൃദയത്തിലേക്ക് നീണ്ടു വരുന്നുണ്ടെങ്കിലും 'ഒന്നു സ്പർശിക്കുവാനങ്ങേ തൊട്ടുതൊട്ടിരിക്കുവാൻ കൊതിപ്പൂ ഞാനെങ്കിലും നിഷിദ്ധമല്ലേ

ഭർതൃമതിയാം എനിക്കവ' എന്ന ബോധം അവളെ ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയിലെത്തിക്കുന്നു. എങ്കിലും അയാളുടെ സ്നേഹം മനസ്സിൽ വിരിയിച്ച പ്രതീക്ഷകളും വികാരങ്ങളും അവൾക്ക് മറക്കാൻ കഴിഞ്ഞില്ല. അവൾ കമിതാവിനെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കാൻ തുടങ്ങി. 'മറക്കാനാവില്ല മരണം ഗ്രസിച്ചാലും ദേവ ദേവ നീയെൻെറ പ്രാണനിൽ വിളങ്ങുന്നോൻ, ഇനിയൊരു ജന്മമുണ്ടെങ്കിൽ അങ്ങുമായുള്ള സംയോഗത്തിനായ് ദൈവത്തോട് വരം ചോദിക്കാനിരിക്കുന്ന അവളുടെ ആഗ്രഹം സഫലമാകുമോ? ദൈവം അവളുടെ പ്രാർത്ഥന കേൾക്കുമോ? ദൈവം സ്വപ്നലോകത്തിൽ ഗാഢനിദ്രയിലാണല്ലോ. മനുഷ്യൻെറ ഹൃദയം ചെകുത്താനും ദൈവവും കൂടി പങ്കു വച്ചപ്പോൾ ദൈവത്തിന് കിട്ടിയ പകുതിയിൽ ദൈവം നിദ്രയിലാണ്ടിരിക്കുന്നു എന്ന് കവി 'ഇതാണ് ശരി' എന്ന കവിതയിൽ കുറിച്ചിടുന്നു. നിദ്രാദേവിയെ പുണർന്ന് കിടന്നു സുഖാനുഭൂതിയിൽ മുഴുകുന്ന ദൈവം ഉണരാൻ വിസമ്മതിക്കുമ്പോൾ ഉറങ്ങുന്ന സ്വപ്നം തന്നെയാണ് ഈ ജീവിതം എന്ന കാഴ്ചപ്പാടാണ് കവിക്കുള്ളത്. ദൈവത്തോട് വരം ചോദിച്ച് നിരാശപ്പെടാമെന്നല്ലാതെ എന്തു പ്രയോജനം. ഇങ്ങനെ ഉറങ്ങുന്ന ദൈവത്തെ ചൂണ്ടിയായിരിക്കാം കണ്ണു തുറക്കാത്ത ദൈവങ്ങളേ എന്ന് മറ്റൊരു കവി പാടിയത്. എല്ലാവരും വിളിച്ചാൽ ദൈവം കണ്ണു തുറന്നെന്നു വരില്ല. ഭക്തിയുടെ അഗാധതയിലെത്തി ഹൃദയത്തിൽ തട്ടിയായിരിക്കണം ദൈവത്തെ വിളിക്കേണ്ടത്. യമകിങ്കരന്മാർ തന്നെ ബന്ധിച്ച് നകരത്തിലേക്ക് കൊണ്ടുപോകാൻ വന്നപ്പോൾ അജാമിളൻ സ്വയരക്ഷക്കായി തൻെറ മകൻ നാരായണനെ 'നാരായണ' എന്ന് ഉച്ചത്തിൽ ഹൃദയം നൊന്ത് വിളിച്ച വിളി കേട്ടത് ഭഗവാൻ നാരായണനാണ്. അജാമിളൻെറ നാരായണ വിളിയിൽ നിറഞ്ഞു തുളുമ്പിയ ഭക്തിപ്രവാഹത്തിൽ വിഷ്ണു ഭഗവാൻ സംതൃപ്തനായി. ഒരു യഥാർത്ഥ ഭക്തനെ മാഹാവിഷ്ണു അജാമിളനിൽ കണ്ടു. വിഷ്ണു പാർഷദന്മാർ അജാമിളനെ വിമാനത്തിലേറ്റി വിഷ്ണൂ സന്നിധിയിൽ എത്തിച്ചു എന്ന് നമ്മൾ ഭാഗവതത്തിൽ വായിക്കുന്നു. കുരിശു കാണുമ്പോൾ യാന്ത്രികമായി വിരൽത്തുമ്പുകൊണ്ട് കുരിശു വരക്കുകയോ ക്ഷേത്രത്തിനു മുന്നിലൂടെ കാറോടിച്ചു പോകുമ്പോൾ കാറു നിർത്തി ഭഗവാനേ എന്ന് മന്ത്രിച്ചുകൊണ്ട് ഭണ്ഡാരത്തിലേക്ക് പണമെറിയുന്നതു കൊണ്ടോ എന്ത് പ്രയോജനം. സർവ്വവും ദൈവത്തിൽ സമർപ്പിച്ച് വേണം ദൈവത്തെ വിളിക്കാൻ. അങ്ങനെ ആത്മോന്മുഖമായ അല്ലെങ്കിൽ ഈശ്വരോന്മുഖമായ ഒരു മനോഭാവമാണ് ദൈവകൃപയാൽ രോഗമൊന്നും ഉണ്ടായിരുന്നില്ല എന്ന കവിയുടെ നേരത്തെയുള്ള സൂചനയിൽ പ്രതിഫലിക്കുന്നത്.

മതം മനുഷ്യരെ വഴിതെറ്റിക്കുന്നുവെന്ന് മതങ്ങളെ കുറ്റപ്പെടുത്തിക്കൊണ്ട് പൊതുവെ ഒരഭിപ്രായമുണ്ട്. എന്നാൽ, വഴി തെറ്റിക്കുന്നത് മതമല്ല, മനുഷ്യർ തന്നെയാണ്. നന്മയുടെ സന്ദേശം മാത്രം നൽകുന്ന മതതത്വങ്ങൾ പാലിക്കാത്തതിൻെറ കുഴപ്പം കൊണ്ടാണീ കുഴാമറിച്ചിലിൽ പെട്ടുപോകുന്നത്. എല്ലാം ദൈവത്തിൻെറ സൃഷ്ടിയാണെങ്കിലും അതിൽ വൈവിധ്യങ്ങളുണ്ട്. ധനവാനും ദരിദ്രനും, ബലവാനും ബലഹീനനും, ബുദ്ധിമാനും വിഢിയും, സൗന്ദര്യമുള്ളവരും വിരൂപരും, എന്തിനീ വ്യത്യസ്ഥതയോടുള്ള സൃഷ്ടി എന്ന് ജന്മരഹസ്യം അറിയാത്തവർ വേവാലിതിപ്പെടുന്നു. വിരൂപൻ സുന്ദരനെ കാണുമ്പോൾ സൃഷ്ടിയുടെ രഹസ്യം അിയാത്തതുകൊണ്ടുള്ള അപകർഷതകൊണ്ട് അയാളുടെ മനസ്സിൽ ദൈവത്തോട് വെറുപ്പു തോന്നുമായിരിക്കും. അയാൾ ദൈവവിശ്വാസത്തിൽ നിന്ന് അകന്നു പോയെന്നും വരാം. ക്രിസ്ത്യാനികളും മുസ്ലിംഗളും ഏകദൈവത്തിൽ വിശ്വസിക്കുമ്പോൾ നാനാത്വത്തിൽ ഏകത്വം കാണുന്ന ഹിന്ദുക്കൾക്ക് മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ട്. വിഭിന്ന മതസ്ഥർ ദൈവങ്ങളുടെ പേരിൽ പടവെട്ടി മരിക്കുന്നു. രക്തപ്പുഴയൊഴുക്കുന്നു. 'വിധ്വംസ ശക്തിയും വിത്തവും ചേർന്നവർ ഈ ഭൂമി രണഭൂമിയാക്കീടുന്നു എന്ന് കവി ഭ്രാന്താലയം എന്ന കവിതയിൽ വ്യസനിക്കുന്നു. വീണ്ടുമൊരു കുരുക്ഷേത്രം സൃഷ്ടിക്കപ്പെടുമോ എന്നാണ് കവിയുടെ ഭയം. ദൈവങ്ങളുടെ പേരിൽ നടക്കുന്ന അക്രമങ്ങൾ കണ്ട് ദുഃഖിതനായ കവി ദൈവത്തിൻെറ ധർമ്മം എന്താണെന്ന് സംശയിക്കുന്നു. 'അറിയുവാനാഗ്രഹമുണ്ടീ കവിക്കെൻെറ ദൈവമേ നിൻ പേരും ധർമ്മവും' എന്ന് കവി ഭ്രാന്താലയങ്ങൾ എന്ന കവിതയിൽ ചോദിക്കുന്നത് മനോവേദനയോടെയാണ്, ധർമ്മം പുനഃസ്ഥാപിക്കപ്പെടണമെന്ന ആത്മാർത്ഥതയൊടെയായിരിക്കണം.

മതഭ്രാന്തിൻെറ മറ്റൊരു ആവിഷ്കരണമാണ് 'ഒരു വെളിച്ചപ്പാടിൻെറ മരണം' എന്ന കവിത. ഒരു വൈദികൻ അന്യമതസ്ഥരുടെ അടുത്തു വരുന്നത് മതപരിവർത്തിനാണെന്ന് ധരിക്കുന്ന മതഭ്രാന്മാരെക്കൊണ്ടും ക്ഷേത്രാചാരങ്ങളിലെ അന്ധവിശ്വാസികളെക്കൊണ്ടും നിറഞ്ഞ ലോകാണിത്. വിശ്വാസചാരങ്ങളുടെ ഭാഗമായി വെളിച്ചപ്പാട് സ്വന്തം തലയിൽ വെട്ടി രക്തമൊലിപ്പിച്ച് തറയിൽ വീണു. 'മുറിവു മാരകമാണല്ലോയുടനെയീ രോഗിക്ക് വൈദ്യസഹായം വേണം' എന്നു പറഞ്ഞ് സഹായിക്കാൻ അടുത്തെത്തിയ വൈദികനെ മതഭ്രാന്തന്മാർ തല്ലിച്ചതച്ച് ആട്ടിയോടിച്ചു. 'ഭദ്രമെല്ലാമിനി ദേവി പ്രീതിയാൽ വൈദികൻ പോയി തുലയട്ടെ' എന്ന് കവി വരച്ചിടുന്നത് മതവിദ്വേഷികളുടെ ചിത്രമാണ്. ഒരു ദേവിയും വെളിച്ചപ്പാടിനെ രക്ഷിക്കാൻ എത്തിയില്ല. തൻെറ ബാലികയായ മകളെ തനിച്ചാക്കി വെളിച്ചപ്പാട് ഈ ലോകത്തോട് യാത്ര പറഞ്ഞു. നിസ്സഹായായി കരഞ്ഞു കൊണ്ടിരുന്ന ബാലികയെ കണ്ട് ദയാലുവായ വൈദികൻ നീട്ടിയ ജീവിതം മതഭ്രാന്തന്മാർ തട്ടിത്തെറിപ്പിച്ചു.

'നസ്രാണി നീയൊക്കെ നാടുമുടിക്കുന്നു മണ്ണിന്റെ മക്കളെ മാർക്കം കൂട്ടി' എന്ന് ജനം ഭത്സിച്ചു. ജനക്കൂട്ടം പിറ്റേന്നു രാവിലെ കണ്ടത് കശ്മലന്മാർ ചവച്ചു തുപ്പിയ ബാലികയുടെ അർദ്ധനഗ്നശരീരമാണ്. സ്ത്രീത്വത്തിന്റെ മരണം മതഭ്രാന്തന്മാർക്ക് പ്രശ്നമായിക്കാണുകയില്ല, 'ജീവിച്ചു പോകാനനുവദിക്കാതെ കൊന്നു കളഞ്ഞല്ലോ ബാലികയെ എന്ന് വ്യസനിക്കുന്ന കവി ഉയർത്തിപ്പിടിക്കാൻ ആഗ്രഹിക്കുന്നത് മതേതരത്വത്തിന്റെ മഹത്വമാണ്. മതേതരത്വം പ്രസംഗമണ്ഡപത്തിൽ നിന്ന് ജനങ്ങളുടെ ഹൃദയത്തിൽ എത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. കേരളത്തിലെ പ്രളയദുരന്തത്തിൽ അകപ്പെട്ടുപോയവരെ രക്ഷിക്കാൻ മത്സ്യത്തൊഴിലാളികൾ ബോട്ടുമായി എത്തി, പക്ഷെ ഒരു ചെത്തു തൊഴിലാളിയേയും കണ്ടില്ല എന്ന് പറഞ്ഞ്, ഹിന്ദുമതം വിട്ട് ക്രിസ്തുമതം സ്വീകരിച്ച ഒരു സഹോദരൻ, ഭേദചിന്തയുടെ മറ്റൊരു രൂപം പ്രകടമാക്കി ഒരു സമൂഹത്തെ അവഹേളിക്കുന്നത് ഒരു തരം ജാതിസ്പർദ്ധയോ മതവിരോധധമോ അപകർഷതാബോധമോ അല്ലെങ്കിൽ മതഭ്രാന്തോ ആയിരിക്കാം. കേരളത്തിലെ മൊത്തം തൊഴിലാളികൾ പ്രളയദുരന്തത്തിൽ അകപ്പെട്ടുപോയവരെ രക്ഷിക്കാൻ എത്തിയില്ലല്ലോ. മനസ്സിൽ വിവേചനത്തിന്റെ കറ പുരളാത്ത ഒരമ്മയെ കവി അവതരിപ്പിച്ചിരിക്കുന്നത് ഈ അവസരത്തിൽ ശ്രദ്ധേയമാണ്. 'മന്ദഹാസത്തിന്റെ ദിവ്യപ്രകാശത്തിൽ അന്ധകാരത്തെയകറ്റി തെരുവിന്റെ അമ്മയായ്, അഗതികൾക്കമ്മയായ്, വന്ന മതർ തെരേസക്ക് 'വന്ദനം പുണ്യാത്മാവേ, സ്നേഹത്തിൻ പ്രകാശമേ നന്ദിയോടോർക്കും ഞങ്ങൾ അമ്മയെ കലാകാലം' എന്ന് ഭേദചിന്തയുടെ നിറം കലരാത്ത സേവനം തിരിച്ചറിഞ്ഞ് കവി ആലപിക്കുന്ന മതേതരത്വത്തിന്റെ മഹനീയ സംഗീതം മതഭ്രാന്തന്മാരുടെ ഹൃദയത്തിൽ പതിക്കുന്ന ഒരു കാലം വരുമെന്ന് കവിയെ പോലെ നമുക്കും പ്രതിക്ഷിക്കാം.

ഒരു കുടിയേറ്റക്കരനായ കവി അമേരിക്കൻ മലയാളികളുടെ സ്വഭാവവിശേഷം ചിത്രീകരിക്കാൻ മറക്കുന്നില്ല. അമേരിക്കയിലേക്ക് കുടിയേറിയവർക്ക് സ്വയം രക്ഷപെടുകയും കുടുംബാംഗങ്ങളെ അമേരിക്കയിൽ എത്തിച്ച് അവർക്ക് ജീവിതത്തിന്റെ സമ്പന്നമായ പാത വെട്ടിത്തുറക്കാൻ സാഹയിക്കുകയും ചെയ്യുക എന്ന ലക്ഷ്യമുണ്ടായിരുന്നെങ്കിലും അവരിലും ഇവിടെ എത്തിയ രണ്ടാം തലമുറയിലും അപഥസഞ്ചാരികൾ നിരവധിയുണ്ട്. 'പ്രേമം മനുഷ്യർക്ക് കാമം മലയാളിക്ക്' എന്ന കവിതയിൽ കവി അവരുടെ നേരെ വിരൽ ചൂണ്ടുന്നു. ഈ അമേരിക്കൻ മലയാളികളുടെ അപഥസഞ്ചാരത്തിൽ കവി ക്ഷുഭിതനാകുന്നു. 'കാമാർത്തി പാമ്പിൻ പത്തി പോലെ വിടർത്തിക്കൊണ്ടും ആഭാസത്തരം കാട്ടാൻ മിടുക്കർ മലയാളികൾ. പുത്രി, പെങ്ങൾ, കളത്രം മാതാവ് എന്നൊക്കെയുള്ള ശ്രേഷ്ഠമാം സ്ഥാനങ്ങളിൽ വിളങ്ങുന്ന പതിവൃതാരത്നത്തോടേറ്റുമുട്ടി തോൽക്കുമ്പോൾ അവരെ പറ്റി ഹീനമായ് പറഞ്ഞു പരത്തുന്നു'. കവി ഈ അമേരിക്കൻ മലയാളികളെ വിമർശിക്കുക മത്രമല്ല ചെയ്യുന്നത്, അധർമ്മത്തിൽ നിന്ന് അവരുടെ ഉയർത്തെഴുന്നേൽപ്പും ആഗ്രഹിക്കുന്നുണ്ട്. ധർമ്മത്തിൻ രക്ഷക്കായ് മുഴക്കിയ പാഞ്ചജന്യത്തിൻ ധ്വനി കവിയുടെ ഹൃദയാകാശത്തിൽ അലയടിക്കുന്നുണ്ടാവാം. വെളിച്ചത്തിന്റെ സാന്നിദ്ധ്യത്തിൽ ഇരുട്ടുന് സ്ഥാനമില്ലാത്തതു പോലെ ധർമ്മത്തിന്റെ സാന്നിദ്ധ്യത്തിൽ അധർമ്മത്തിന് സ്ഥാനമില്ല. ഇവിടെ കവി കേൾപ്പിക്കുന്നത് മനുഷ്യരെ ധർമ്മത്തിലേക്ക് നയിക്കുന്ന സ്നേഹത്തിന്റെ ശംഖുനാദമാണ്. 'പ്രപഞ്ച പൂന്തോട്ടത്തിൽ വിരിയും പൂക്കൾ പോലെ മനസ്സിൽ വിടരട്ടെ പ്രേമത്തിൻ കുസുമങ്ങൾ. നിറക്കൂ തേൻ തുള്ളികൾ നുകരാൻ പ്രിയർക്കായി ജന്മസാഫല്യത്തിന്റെ ഉദയം കണി കാണാൻ. പ്രേമത്തിൻ പാൽപായസം പ്രകൃതിയൊരുക്കുമ്പോൾ സർപ്പമായതിൽ വിഷം നിറക്കാതിരിക്കുക' എന്ന് കവി എഴുതുന്നത് സ്നേഹത്തിൻ പുകഴ്ത്തു പാട്ടായിട്ടാണ്. തിന്മയിലേക്ക് വഴുതിപ്പോകാതെ അമേരിക്കൻ മലയാളികൾ നന്മയിലേക്ക് ഉയർന്നു വരണമെന്നാഗ്രഹിക്കുകയാണ് കവി.

ഓരോ കവികൾക്കുമുണ്ട് അവരുടേതായ കാവ്യഭാഷ. കഠിനപദങ്ങൾ കാവ്യഭംഗി നഷ്ടപ്പെടുത്തുമെന്നും ലളിത സുന്ദരവും അനുയോജ്യവുമായ പദപ്രയോഗം കവിതയുടെ ആസ്വാദനസുഖം വർദ്ധിപ്പിക്കുമെന്നും കവിക്കറിയാം. പദസമ്പത്തിന്റെ അനുഗ്രഹത്താൽ പദങ്ങൾ അനായാസം എടുത്തു പ്രയോഗിക്കാൻ കവിക്ക് സാധിക്കുന്നു. ജീവിതത്തിന്റെ വൈവിധ്യമാർന്ന പ്രതിഭാസികതക്ക് കവിതയിലൂടെ ജീവൻ നൽകി ആവിഷ്കരിക്കുക എന്ന രചനാതന്ത്രമാണ് കവി സ്വീകരിച്ചിരിക്കുന്നത്. തന്റെ കാവ്യശിൽപത്തെ സർഗ്ഗാത്മകതയുടേയും ഭാവനയുടേയും നിറപ്പകിട്ടിൽ പരിപൂർണ്ണതയിലേക്ക് ആനയിക്കുന്ന പ്രതിപാദനതന്ത്രവും കവിക്ക് സ്വായത്തമാണ്. കാൽപനികതയുടെ സുഖം പകർന്നും വായനക്കാർക്ക് അസ്വസ്ഥതയുണ്ടാക്കുന്ന ആധുനികതയിൽ കാലുറപ്പിക്കാതേയും ആവിഷ്ക്കരിച്ചിട്ടുള്ള കവിയുടെ അക്ഷരക്കൊയ്ത്തിലൂടെ അനുവാചകർക്കും ഒരു തീർത്ഥയാത്ര നടത്തി തീർത്ഥാടനത്തിന്റെ ഫലം അനുഭവിക്കാവുന്നതാണ്. കവിക്ക് ഇനിയും ഇതേ പോലെ കൂടുതൽ കവിതകളെഴുതി മലയാള കാവ്യരംഗത്തെ സമ്പന്നമാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.